No. CEE/3600/KEAM-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കീം–2021

## കേരള മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു.

2021–22 അദ്ധ്യയന വർഷം കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ [BSc (Hons) Agri], ഫോറസ്ട്രി [BSc (Hons) Forestry], വെറ്ററിനറി [BVSc & AH], ഫിഷറീസ് [BFSc] , BSc (Hons) Co-operation & Banking, B.Sc ( Hons). Climate Change & Environmental Sceince, B.Tech Biotechnology(under KAU) എന്നീ അനുബന്ധ കോഴ്സുകളിലേക്കും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് (യു.ജി)–2021 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ട തീയതി **30.11.2021 വൈകിട്ട് 05.00 മണി** വരെയായി ദീർഘിപ്പിച്ചു.

നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2021–ലെ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല. മേൽ പറഞ്ഞ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നീറ്റ് പരീക്ഷാ ഫലം സമർപ്പിക്കുന്നതിന് ഇനിയൊരവസരം അനുവദിക്കുന്നതല്ല. തപാൽ വഴിയോ നേരിട്ടോ സമർപ്പിക്കുന്ന രേഖകളോ അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും കാണുക.

**ഹെൽപ്ലൈൻ നമ്പർ: 0471- 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27.11.2021